(ഇ) പുതിയ വൈദ്യുതി നയ രൂപീകരണത്തിനുശേഷം വൈദ്യുതി മേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ)	ജലവൈദ്യുതി	19 മി.യൂ.
	ഡീസൽ താപനിലയം	2.37 "
	താപനിലയം കായംകുളം എൻ.റ്റി.പി.സി	4.22 "
	കേന്ദ്ര വിഹിതം	8.55 "
(ബി)	ഗാർഹികാവശ്യം	15.6 "
	വ്യവസായികം	12.3 "

(സി) 6 മില്യൻ യൂണിറ്റ്

(ഡി) സാങ്കേതികമായി സംഭവിക്കുന്ന ലൈൻ ലോസ് കുറയ്ക്കുവാനായി പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, നിലവിലുള്ള സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷിയുയർത്തൽ, എൽ.റ്റി, എച്ച്.റ്റി. ലൈനുകളുടെ അനുപാതം കുറയ്ക്കൽ, കൂടുതൽ ഡിസ്ട്രിബ്യൂഷൻ ട്രാൻഫോർമറുകൾ സ്ഥാപിക്കൽ തുടങ്ങിയവ ചെയ്തു വരുന്നു. 33 കെ.വി ആധാരമാക്കിയുള്ള ഒരു സബ് ട്രാൻസ്മിഷൻ സിസ്റ്റം ആസൂത്രണം ചെയ്തു നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. ആന്റി പവർ തെഫ്റ്റ് വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയതിന്റെ ഫലമായി വൈദ്യുതി നഷ്ടം കുറഞ്ഞിട്ടുണ്ട്. തിരുമല മേജർ സെക്ഷനിൽ ഒരു പൈലറ്റ് പ്രോജക്റ്റായി എനർജി ആഡിറ്റിംഗ് നടപ്പാക്കി. മേൽ വിവരിച്ച പദ്ധതികൾ വിജയകരായി നടപ്പാക്കി വരുന്നതിന്റെ ഫലമായി 1995-96 ലെ നഷ്ടം 20.04% ആയിരുന്നത് 1997-98-ൽ 17.87% ആയി കുറഞ്ഞിട്ടുണ്ട്.

(ഇ) വിശദാംശങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.†

അലോക്കേറ്റഡ് പൂളിൽ നിന്നും ലഭിക്കുന്ന വൈദ്യുതി

87 (252) ശ്രീ. ഇ.എം.അഗസ്തി:
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

†അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

(എ) ദക്ഷിണമേഖലയിലെ കേന്ദ്ര വൈദ്യുത പദ്ധതികളിൽ നിന്നുള്ള അൺ അലോക്കേറ്റഡ് പൂളിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുവാനർഹതയുള്ള വൈദ്യുതി എത്രയാണ് ;

(ബി) ഇത്രയും വൈദ്യുതി കേരളത്തിന് ഇപ്പോൾ ലഭിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ ദക്ഷിണ മേഖലയിലെ കേന്ദ്ര വൈദ്യുത പദ്ധതികളിൽ നിന്നും കേരളത്തിന് എത്ര വൈദ്യുതി വീതം കിട്ടുന്നു ;

(ഇ) ഇതിന് യൂണിറ്റ് ഒന്നിന് എന്തു വിലയാണ് നൽകുന്നത് ?

ഉത്തരം

(എ) & (ബി) രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന സംസ്ഥാനങ്ങൾക്കാണ് അൺ അലോക്കേറ്റഡ് പൂളിൽ നിന്നും വൈദ്യുതി ലഭിക്കാറുള്ളത്. 1999 മേയ് മാസം മുതൽ അൺ അലോക്കേറ്റഡ് വൈദ്യുതിയുടെ അഞ്ച് ശതമാനം കേരളത്തിന് ലഭിച്ചിരുന്നു. 1999 ഡിസംബർ 18-ാം തീയതി മുതൽ കേരളത്തിന് ഈ വൈദ്യുതി ലഭിക്കുന്നില്ല.

(സി) കാരണം സി.ഇ.എ. അറിയിച്ചിട്ടില്ല. ഈ കുറവ് പരിഹരിച്ചു തരുവാൻ സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) അലോക്കേറ്റഡ് ഷെയർ പ്രകാരം പ്രതിദിനം ശരാശരി 8.5 മില്യൻ യൂണിറ്റ് വൈദ്യുതി ലഭിക്കുന്നുണ്ട്.

(ഇ)

		യൂണിറ്റിന്
1. മദ്രാസ് അറ്റമിക് പവർ സ്റ്റേഷൻ	-	189 പൈസ
2. നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ		
സ്റ്റേജ് 1	-	104 പൈസ
സ്റ്റേജ് 2	-	187 പൈസ
3. രാമഗുണ്ടം എസ്.റ്റി.പി.എസ്സ്.	-	151 പൈസ
4. കൈഗ എ.പി.എസ്	-	162 പൈസ
5. പടിഞ്ഞാറുഭാഗത്ത് നിന്നുള്ള ഇറക്കുമതി	-	175 പൈസ

ജലവൈദ്യുത പദ്ധതികൾ

88 (253) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര ജല വൈദ്യുത പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്; എത്ര ജലവൈദ്യുത പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്; ഇനി എത്ര പദ്ധതികൾ പൂർത്തികരിക്കാനുണ്ട്; വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly